പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6577 — 12.07.2012-ൽ മറുപടിയ്ക്ക്

# പഞ്ചായത്തുകളിലെ തെരുവുവിളക്കുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി. ഡി. ദേവസ്സി : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | പഞ്ചായത്തുകളിലെ തെരുവു വിളക്കുകൾ നന്നാക്കുന്ന ചുമതലയിൽ നിന്നും കെ. എസ്. ഇ. ബി ഒഴിഞ്ഞതായി കാണിക്കുന്ന സർക്കുലർ ഇറക്കിയിട്ടുണ്ടോ ; | (എ) | 15-09-2011-ലെ 3055/ഡിഎ3/2011/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും അവയുടെ പരിധിയിൽ വരുന്ന തെരുവ് വിളക്കുകളുടെ റിപ്പയറും മെയിൻറനൻസും സംബന്ധിച്ച പ്രവൃത്തികൾ ആന്വൽ മെയിൻറനൻസ് കോൺട്രാക്ടിലൂടെ വൈദ്യുതി ബോർഡ് ഒഴികെയുള്ള ഏജൻസികൾ വഴി നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ 27-03-2012 -ലെ 67208/ഡിഎ3/11/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തെരുവ് വിളക്ക് പരിപാലനം നടപ്പിലാക്കുന്നത് സംബന്ധിച്ച് ടെൻഡറിംഗ് സംവിധാനം വഴി കെ. എസ്. ഇ. ബി. ഉൾപ്പെടെയുള്ള ഏജൻസികൾക്ക് നൽകാവുന്നതാണ് എന്ന് 15-09-2011-ലെ സർക്കുലർ ഭേദഗതി ചെയ്തുകൊണ്ട് സർക്കാർ നിർദ്ദേശിച്ചിരുന്നു.<br>17-05-2012 ലെ ബോർഡ് ഉത്തരവ് B.O (FM) (Genl) No. 1007/2012 (Plg.Com.3515/98/11-12) പ്രകാരം ഈ മാർഗ്ഗ നിർദ്ദേശങ്ങൾ വൈദ്യുതി ബോർഡിൽ നടപ്പാക്കുന്നതിന് തീരുമാനിച്ചു. ഇതുപ്രകാരം തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് നടപ്പിലാക്കേണ്ടതും അവയുടെ ഓൺ ഓഫ്, അറ്റകുറ്റപ്പണികൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ടതുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മീറ്റേർഡ് സപ്ളൈയിലേയ്ക്ക് മാറുന്നതിന് 6 മാസത്തെ സമയം ഉണ്ട്. ഇത്തരത്തിൽ മീറ്ററിംഗ് സമ്പ്രദായത്തിലേയ്ക്ക് മാറുന്ന തെരുവ് വിളക്കുകളുടെ റിപ്പയറിംഗും മെയിൻറ നൻസും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ടെൻഡറിംഗ് സംവിധാനം വഴി ആന്വൽ മെയിൻറനൻസ് കോൺട്രാക്ടിലൂടെ |

നടപ്പിലാക്കാവുന്നതാണ്.

(ബി) എങ്കിൽ പഞ്ചായത്തുകളിലെ സ്ട്രീറ്റ് ലൈറ്റുകളുടെ റിപ്പയർ വർക്കുകൾ നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചില പ്രദേശങ്ങളിൽ അറ്റകുറ്റപ്പണികൾ നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സ്ട്രീറ്റ് ലൈറ്റിനായി പഞ്ചായത്തുകൾ ഇലക്ട്രിസിറ്റി ബോർഡിൽ ഇപ്പോൾ അടച്ചുകൊണ്ടിരിക്കുന്ന "ഫിക്സഡ് താരിഫിൽ " റിപ്പയർ ചാർജ്ജ് ഉൾപ്പെട്ടിട്ടുണ്ടോ ;

(സി) നിലവിലുള്ള താരിഫ് ഉത്തരവ് പ്രകാരം തെരുവ് വിളക്കുകൾക്ക് രണ്ടു തരം താരിഫ് ആണ് നിലവിലുള്ളത്.

1. കോമ്പസിറ്റ് താരിഫ് - ഇത് അൺമീറ്റേർഡ് സപ്ളൈയ്ക്ക് മാത്രം ബാധകമാണ്. ഈ താരിഫ് പ്രകാരം ബില്ല് ചെയ്യുന്നത് ഉപയോഗിക്കുന്ന തെരുവ് വിളക്കുകളുടെ ഇനം (സി. എഫ്. എൽ, ബൾബ്, ട്യൂബ് തുടങ്ങിയവ), വാട്ടേജ്, കത്തുന്ന മണിക്കൂറുകളുടെ ദൈർഘ്യം എന്നിവ ആധാരമാക്കിയാണ്. ഈ താരിഫിൽ മെയിൻറനൻസ് ചാർജ്ജ് ഉൾപ്പെട്ടിട്ടുണ്ട്.
2. മീറ്റേർഡ് സപ്ളൈ - ഈ താരിഫ് പ്രകാരം യൂണിറ്റൊന്നിന് 90 പൈസ നിരക്കിലും ഫിക്സഡ് ചാർജ്ജ് എനർജി മീറ്ററൊന്നിന് ഒരു മാസത്തേയ്ക്ക് 12 രൂപയുമാണ് ഈടാക്കുന്നത്. ഈ സംവിധാനത്തിൽ തെരുവ് വിളക്കുകളുടെ മെയിൻറനൻസിൻെറ ഉത്തരവാദിത്വം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്.

(ഡി) പഞ്ചായത്തു സ്ട്രീറ്റ്ലൈറ്റുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തി, തെരുവുവിളക്കുകൾ പ്രകാശിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

(ഡി) ബോർഡിൻെറ 17-05-2012-ലെ ഉത്തരവിൽ തെരുവു വിളക്കുകളുടെ പരിപാലനം സംബന്ധിച്ച് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പുറപ്പെടുവിക്കുന്ന ടെൻഡറിൽ വൈദ്യുതി ബോർഡ് പങ്കെടുക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ഉത്തരവുകൾ പ്രകാരം പഞ്ചായത്ത് സ്ട്രീറ്റ് ലൈറ്റുകളുടെ അറ്റകുറ്റപണികൾ യഥാസമയം നടത്തി തെരുവു വിളക്കുകൾ പ്രകാശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ട ചുമതല ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്.

സെക്ഷൻ ഓഫീസർ.